**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1181** **10-08-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര നിയോജക മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ ജനകീയ മത്സ്യകൃഷി – സുഭിക്ഷ കേരളം, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം .എം .എസ് . വൈ .), സമ്പാദ്യ സമാശ്വാസ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 2021-22, 2022-23 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.<br><br>സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| ക്രമ നം. | പദ്ധതി | 2021-22 | 2022-23 | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | സെമി ഇന്റൻസീവ് ഫാമിംഗ് ഓഫ് ഫ്രഷ് വാട്ടർ ഫിഷസ് | 12.06 Ha | 14.02 Ha | പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | ഒരു നെല്ലും ഒരു മീനും | 848 Ha | 910 Ha | പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | ബയോഫ്ലോക് ഫാമിംഗ് 20 $m^3$ | 8 യൂണിറ്റ്സ് | 8 യൂണിറ്റ്സ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 4 | ബയോഫ്ലോക് ഫാമിംഗ് 50 $m^3$ | 7 യൂണിറ്റ്സ് | 14 യൂണിറ്റ്സ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 5 | ബയോഫ്ലോക് ഫാമിംഗ് 160 $m^3$ | 9 യൂണിറ്റ്സ് | 1 യൂണിറ്റ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 6 | ആർ.എ.എസ്. 50 $m^3$ | 2 യൂണിറ്റ്സ് | 2 യൂണിറ്റ്സ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 7 | ആർ.എ.എസ്. 100 $m^3$ | 5 യൂണിറ്റ്സ് | 4 യൂണിറ്റ്സ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 8 | ഫ്രഷ് വാട്ടർ കേജ് ഫാമിംഗ് | 9 യൂണിറ്റ്സ് | 9 യൂണിറ്റ്സ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 9 | പടുതാ കുളം | 9 യൂണിറ്റ്സ് | 9 യൂണിറ്റ്സ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 10 | എക്സ്റ്റൻസീവ് കാർപ് ഫാമിംഗ് | 62 Ha | 80 Ha | പൂർത്തീകരിച്ചിട്ടുണ്ട് |
| 11 | പേൾ സ്പോട്ട് സീഡ് പ്രൊഡക്ഷൻ യൂണിറ്റ് | 0 | 1 യൂണിറ്റ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 12 | മാർക്കറ്റിംഗ് ഔട്ട് ലെറ്റ് | 0 | 1 യൂണിറ്റ് | പൂർത്തീകരിച്ചിട്ടുണ്ട് |
| 13 | സമ്പാദ്യ സമാശ്വാസ പദ്ധതി | 458 ഗുണഭോക്താക്കൾ | 352 ഗുണഭോക്താക്കൾ | കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |

## അനുബന്ധം -2

## സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികൾ

### സാഫ്

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മാവേലിക്കര മണ്ഡലത്തിൽ ചെറുകിട തൊഴിൽ സംരംഭക യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 3 പേരടങ്ങുന്ന ഒരു യൂണിറ്റിന് ഫിഷ് ബൂത്ത് ആരംഭിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രണ്ട് പേരടങ്ങിയ വാഷിംഗ് പ്രോഡക്റ്റ്സ് മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ 2023-24 വർഷത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകൾ ആരംഭിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. കേരളത്തിലുടനീളം സംരംഭം ആരംഭിക്കുന്നതിനായി ഈ വർഷം 200 മത്സ്യത്തൊഴിലാളി വനിതകൾക്കാണ് ധനസഹായം അനുവദിക്കുന്നത്. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ഫിഷർമെൻ ഫാമിലി രജിസ്ട്രേഷൻ(FFR) ഉള്ളവരായിരിക്കണം. ജില്ലാ ഫിഷറീസ് ഓഫീസുകൾ, മത്സ്യഭവൻ, സാഫ് ജില്ലാ നോഡൽ ഓഫീസുകൾ, സാഫിന്റെയും ഫിഷറീസിന്റെയും വെബ് സൈറ്റുകൾ എന്നിവിടങ്ങളിൽ അപേക്ഷ ഫോം ലഭ്യമാക്കിയിട്ടുണ്ട്.

### കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കിഫ്ബി പദ്ധതികൾ | | |

| | | | |
|---|---|---|---|
| | ആധുനിക മത്സ്യമാർക്കറ്റ്, താമരക്കുളം | 227.52 | സാങ്കേതികാനുമതി നൽകുന്നതിനായി സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കി വരുന്നു. |
| 2 | ആധുനിക മത്സ്യമാർക്കറ്റ്, മാങ്കാംകുഴി | 176.13 | സ്ട്രക്ച്ചറൽ ഡിസൈൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 3 | ആധുനിക മത്സ്യമാർക്കറ്റ്, കരിപ്പുഴ | 173.28 | പദ്ധതി പ്രദേശം സംബന്ധിച്ച തീരുമാനം ആകേണ്ടതുണ്ട്. |

**<u>മത്സ്യഫെഡ്</u>**

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നൂറനാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം വഴി ഈ സർക്കാർ അധികാരമേറ്റ ശേഷം ചുവടെപ്പറയുന്ന പദ്ധതികൾ മത്സ്യഫെഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്.

- ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.) പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന മത്സ്യബന്ധന ഉപകരണ വായ്പയായി 1,68,000/- (ഒരു ലക്ഷത്തി അറുപത്തിയെട്ടായിരം രൂപ മാത്രം) രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
- എൻ.ബി.സി.എഫ്.ഡി.സി / എൻ.എം.ഡി.എഫ്. സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി സഹകരണ സംഘത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പിലെ അംഗങ്ങൾക്ക് നൽകി വരുന്ന മൈക്രോഫിനാൻസ് വായ്പ പദ്ധതി പ്രകാരം 82,30,000/- രൂപ (എൺപത്തി രണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.
- മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനം നടത്തുന്നതിനുള്ള പലിശ രഹിത വായ്പാ പദ്ധതി പ്രകാരം 17,20,000/- (പതിനേഴ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലുള്ള പുരോഗതി |
|---|---|---|
| | 2021–22 | |
| 1. | പാലമേൽ ഗ്രാമപഞ്ചായത്തിലെ ഇടഞ്ഞയ്യത്ത് ജംഗ്ഷൻ ചൂരൽ വായൽ ഏലാ – മായക്ഷിക്കാവ് റോഡ് (71.00 ലക്ഷം) | പ്രവൃത്തി 05/11/2022 ന് പൂർത്തീകരിച്ചിട്ടുണ്ട്. |
| 2. | തെക്കേക്കര ഗ്രാമപഞ്ചായത്തിലെ അത്തോദയം തടിമിൽ മുതൽ ഇടക്കടവ് ട്രാൻസ്ഫോർമർ റോഡ് (68.90 ലക്ഷം) | പ്രവൃത്തി 12/05/2023 ന് പൂർത്തീകരിച്ചിട്ടുണ്ട്. |
| | 2022–23 | |
| 3. | താഴക്കര പഞ്ചായത്ത് വെട്ടിയാർ പാലം – ആറ്റതീരം റോഡ് &തുണ്ടിത്തറ – മണപ്പുറത്ത് റോഡ് – ബാലൻസ് പ്രവൃത്തി (36.80 ലക്ഷം) | പ്രവൃത്തി 30/04/2023 ന് പൂർത്തീകരിച്ചിട്ടുണ്ട്. |
| 4. | നൂറനാട് –പുലിമേൽ ചുനക്കര ബണ്ട് റോഡ് ടാറിംഗ് &സൈഡ് കോൺക്രീറ്റിംഗ് (25.00 ലക്ഷം) | സാങ്കേതികാനുമതി നൽകി ടെണ്ടർ / കരാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |